**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2154** **09-02-2023 - ൽ മറുപടിയ്ക്ക്**

**ജീവിതശൈലി രോഗപ്രതിരോധ കാമ്പയിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ രംഗത്ത് രാജ്യത്തെ ഏറ്റവും മികച്ച പദ്ധതിയായി സംസ്ഥാനത്തെ ജീവിതശൈലി രോഗപ്രതിരോധ കാമ്പയിനെ ചീഫ് സെക്രട്ടറിമാരുടെ ദേശീയ സമ്മേളനത്തിൽ വിശേഷിപ്പിക്കുകയുണ്ടായോ; ആരോഗ്യ മേഖലയിൽ സംസ്ഥാനം നടപ്പിലാക്കുന്ന മറ്റേതെല്ലാം പദ്ധതികളാണ് മാതൃകാ പദ്ധതികളെന്ന് പ്രസ്തുത സമ്മേളനം വിലയിരുത്തിയത്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തു വർദ്ധിച്ചുവരുന്ന ജീവിതശൈലിരോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ആരോഗ്യവകുപ്പിൻ കീഴിൽ നവകേരള കർമ്മ പദ്ധതി- ആർദ്രം 2 -ന്റെ ഭാഗമായി ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതി നടപ്പിലാക്കി വരുന്നു. രാജ്യത്താകമാനം നടത്തിവരുന്ന പ്രവർത്തന രേഖയ്ക്ക് അതീതമായി ജീവിതശൈലി രോഗങ്ങളോടോപ്പം അതിന്റെ സങ്കീർണ്ണതകൾ കൂടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും വിവിധ നൂതന പദ്ധതികൾ സംസ്ഥാന ആരോഗ്യവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു . രാജ്യത്തിനുതന്നെ മാതൃകയാകുന്ന ഈ പദ്ധതികളെ കുറിച്ച് ജനുവരിയിൽ നടന്ന ചീഫ് സെക്രട്ടറിമാരുടെ ദേശീയ സമ്മേളനത്തിൽ പരാമർശിക്കുകയുണ്ടായി. ശ്വാസകോശ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള 'ശ്വാസ്' പദ്ധതി, നേത്രപടല അന്ധത കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള 'നയനാമൃതം പദ്ധതി, പെരിട്ടോണിയൽ ഡയാലിസിസ്, പാലിയേറ്റിവ് കെയർ പദ്ധതി എന്നീ പരിപാടികളാണ് ദേശീയതലത്തിൽ രാജ്യത്തെ മികച്ച പ്രവർത്തനങ്ങളായി വിലയിരുത്തപ്പെട്ടുന്നത്. സംസ്ഥാന സർക്കാർ നവകേരള കർമ്മ പദ്ധതി - ആർദ്രം- 2 ന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന "അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് " എന്ന ക്യാമ്പയിനിലൂടെ നടപ്പാക്കുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതി ഇതിനോടകം തന്നെ ദേശീയ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട് , 'ശൈലി' എന്ന ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി ആശാപ്രവർത്തകർ വീട്ടു |

| | | | |
|---|---|---|---|
| | | | വീടാന്തരം ജീവിതശൈലീരോഗ സർവ്വേ ഇതിനോടകം 70 ലക്ഷം ആൾക്കാരിൽ നടത്തി കഴിഞ്ഞു. 14 ലക്ഷത്തോളം പേർക്ക് ജീവിതശൈലീരോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത ഉണ്ടെന്നും 4 ലക്ഷത്തോളം പേർക്ക് കാൻസർ രോഗ ലക്ഷണങ്ങൾ ഉണ്ടെന്നു കണ്ടെത്തുകയും ഇവരെ തുടർ പരിശോധനക്കായി ആരോഗ്യ സ്ഥാപനങ്ങളിലേക്ക് റെഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. രോഗ നിയന്ത്രണത്തോടൊപ്പം തന്നെ ആരോഗ്യ ബോധവത്കരണവും നടപ്പിലാക്കി വരുന്നുണ്ട്. ആരോഗ്യപരമായ ഭക്ഷണരീതി, ചിട്ടയായ വ്യായാമം ലഹരിയിൽ നിന്നുള്ള മുക്തി തുടങ്ങിയ വിഷയങ്ങളിലാണ് ആരോഗ്യ ബോധവത്കരണം പ്രധാനമായും നടന്നു വരുന്നത്. |
| (ബി) | അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് പദ്ധതിയുടെ ഭാഗമായി വീടുകളിലെത്തി അരക്കോടിയിലധികം ജനങ്ങളെ രോഗനിർണ്ണയത്തിന് വിധേയമാക്കിയ സംരംഭത്തിന് ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കുമോ; | (ബി) | നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി ആരംഭിച്ച വാർഷിക ആരോഗ്യ പദ്ധതിയെന്ന സാമൂഹിക ജനസംഖ്യാധിഷ്ഠിത ജീവിതശൈലിരോഗ നിർണ്ണയ പദ്ധതിയാണ് 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്'. ഈ പദ്ധതിയുടെ ഭാഗമായി ശൈലി എന്ന ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി ആശാപ്രവർത്തകർ 30 വയസിനു മുകളിൽ പ്രായമുള്ളവരിലെ ജീവിതശൈലീരോഗങ്ങളെ കുറിച്ചും അവയിലേക്ക് നയിക്കുന്ന ഹേതുക്കളെ കുറിച്ചും ഉള്ള ഒരു സർവേ ഭവന സന്ദർശനത്തിലൂടെ നടപ്പി ലാക്കുകയുണ്ടായി . 70 ലക്ഷത്തോളം ജനങ്ങളെ സ്ക്രീനിങ്ങിനു വിധേയമാക്കിയപ്പോൾ 14 ലക്ഷത്തോളം പേർക്ക് ജീവിത ശൈലിരോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത ഉണ്ടെന്നും 4 ലക്ഷത്തോളം പേർക്ക് കാൻസർ രോഗലക്ഷണങ്ങൾ ഉണ്ടെന്നു കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ കണ്ടെത്തുന്നവരിലെ രോഗ സ്ഥിരീകരണം ഉറപ്പാക്കുന്നതിനും ചികിത്സ ആരഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കാൻസർ രോഗ ലക്ഷണങ്ങൾ ഉള്ളവരെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും തുടർ ചികിത്സ ഉറപ്പാക്കുന്നതിനും കാൻസർ കെയർ സ്യൂട്ട് എന്ന ഒരു സോഫ്റ്റ് വെയർ ഇ- ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പദ്ധതികളെ ഏകോപിപ്പിക്കുന്നതിനു ആശുപത്രിതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവലോകന മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. |
| (സി) | പ്രസ്തുത കാമ്പയിനിൽ കണ്ടെത്തിയ വിവരങ്ങൾ അറിയിക്കാമോ; അതിന്റെ അടിസ്ഥാനത്തിൽ ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും | (സി) | ശൈലി അപ്ലിക്കേഷനിലൂടെ നടത്തിയ 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന സ്ക്രീനിംഗ് കാമ്പയിനിലൂടെ |

| | | | |
|---|---|---|---|
| | ചികിത്സിക്കുന്നതിനും പ്രതിരോധിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | | 03/02/2023 വരെ കണ്ടെത്തിയ വിവരം ചുവടെ ചേർക്കുന്നു.<br><br>സ്ക്രീനിങ് ചെയ്ത ആളുകളുടെ എണ്ണം - 7121062<br><br>റിസ്ക് ഫാക്ടർ ഉള്ളവർ - 1415840<br><br>ക്യാൻസർ സ്ക്രീനിങ്ങിനു റെഫർ ചെയ്തവർ - 466102<br><br>TB പരിശോധനക്ക് റെഫർ ചെയ്തവർ - 64465<br><br>ശ്വാസകോശ സംബന്ധമായ രോഗങ്ങളുള്ളവർ - 239934<br><br>രക്താതിമർദ്ദം ഉള്ളവർ - 781101<br><br>പ്രമേഹമുള്ളവർ - 631603<br><br>രക്താതിമർദ്ദവും പ്രമേഹവും കൂടിയുള്ളവർ - 275602<br><br>ഈ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക ആരോഗ്യതലത്തിൽ തന്നെ രോഗസ്ഥിരീകരണം നടത്തിയവർക്ക് ചികിത്സ ആരംഭിക്കുന്നതിനും വിദഗ്ധ ചികിത്സ വേണ്ടിവരുന്നവരെ ഉയർന്ന ചികിത്സാ കേന്ദ്രങ്ങളിലേക്ക് റെഫർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കാൻസർ രോഗ ലക്ഷണങ്ങൾ ഉള്ളവരെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും തുടർ ചികിത്സ ഉറപ്പാക്കുന്നതിനും കാൻസർ കെയർ സ്യൂട്ട് എന്ന ഒരു സോഫ്റ്റ് വെയർ ഇ - ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. പ്രാഥമികതലം മുതൽ മെഡിക്കൽ കോളേജുകൾ വരെ ജീവിത ശൈലി രോഗങ്ങൾ നിർണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ ശാക്തീകരിക്കുന്നതിനു ആരോഗ്യവകുപ്പ് ശ്രദ്ധ ചെലുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ